## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **11.07.2012-ൽ മറുപടിയ്ക്ക്**

ചോദ്യം നം. 6302

### കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നവീകരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. മോൻസ് ജോസഫ് :<br>" സി.എഫ്. തോമസ്:<br>" റ്റി.യൂ. കുരുവിള : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനെ നവീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനെ നവീകരിക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ഒറ്റത്തവണ രജിസ്ട്രേഷൻ ആരംഭിച്ചു.<br>2. പരീക്ഷാ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ചോദ്യബാങ്ക് രൂപീകരിക്കുവാൻ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.<br>3. പരീക്ഷകൾ ഓൺലൈനായി നടത്തുവാനുള്ള ആദ്യഘട്ട നടപടികൾ നടന്നുവരുന്നു.<br>4. വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് റിക്രൂട്ട്മെന്റ് പ്രക്രിയകൾ വേഗത്തിലാക്കുന്നതിനു വേണ്ടിയുള്ള യന്ത്ര സംവിധാനങ്ങളുടെ പരമാവധി ഉപയോഗം പ്രയോജനപ്പെടുത്തി വരുന്നു.<br>5. അപേക്ഷ സ്വീകരിക്കുന്നതും, പരീക്ഷയുടെ ഹാൾ ടിക്കറ്റ് നൽകുന്നതും മാത്രമല്ല ഉത്തരക്കടലാസ് മൂല്യ നിർണ്ണയവും യന്ത്ര സഹായത്താലാണ് ചെയ്യുന്നത്. ഇതിനു വേണ്ടി 12 യന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

6. കമ്പ്യൂട്ടർവത്കരണ പ്രക്രിയ എല്ലാ ആഫീസുകളിലും പൂർണ്ണമായിക്കഴിഞ്ഞു.
7. പി.എസ്.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ planning and prioratisation committee രൂപീകരിച്ചിട്ടുണ്ട്.
8. ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്കുള്ള അപേക്ഷകൾ ഓൺ ലൈനായി സ്വീകരിക്കുകയും പരീക്ഷകൾ ഒ.എം.ആർ രീതിയിൽ പരിവർത്തിപ്പിക്കുകയും ചെയ്തു.
9. വിവര വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഒരു ഇൻഫർമേഷൻ സെന്റർ (കാൾ സെന്റർ) പ്രവർത്തിച്ചു വരുന്നു.
10. ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
11. ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ ദളിത പിന്നോക്ക ദുർബല വിഭാഗങ്ങൾക്കു വേണ്ടി ഹെൽപ് ഡെസ്കുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (ബി) | സർക്കാരിനോട് പി.എസ്.സി. ആവശ്യപ്പെട്ടിട്ടുള്ള അധിക ജീവനക്കാരടക്കം വിവിധ ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | പി.എസ്.സി.യിൽ ജീവനക്കാരുടെ കുറവ് ഉള്ളതിനാൽ 163 അധിക തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഒരു നിവേദനം സർക്കാർ പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ